സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

July 2026
Vol. 2 Issue 4

പാലൈ
PALAI பாலை
ISSN No: 3049-0316

# ദേശം, സ്വത്വം, രാഷ്ട്രീയം – ആഫ്രിക്കൻ കവിതകളിൽ

**ഡോ. സാൽവിൻ കെ. തോമസ് ***



**സംഗ്രഹം**

ബഹുസ്വരതയുടെ രാഷ്ട്രീയമാണ് ആധുനികാനന്തരതയുടെ സവിശേഷത. പ്രാദേശികതയുടെയും പാർശ്വവത്കൃതരുടെയും ഉയിർത്തെഴുന്നേല്പും ഉന്നമനവുമാണ് നവോത്ഥാനത്തിന്റെ സമകാലിക മാനങ്ങൾ ലക്ഷ്യം വയ്ക്കുന്നത്. ഭാഷ, സംസ്കാരം, സാഹിത്യം എന്നിവയുടെ തനിമയും സ്വാതന്ത്ര്യവും ഉറപ്പുവരുത്തുന്ന വീക്ഷണമാണ് ആഗോളതലത്തിലെ നവപ്രവണത. ആഫ്രിക്കൻ സാഹിത്യവും ഇതിനപവാദമല്ല. ആഫ്രിക്കൻ ജനതയുടെ സ്വത്വബോധത്തിന്റെയും തനതു ശൈലികളുടെയും പ്രതിഫലനമാണ് കോളനിയനന്തര കാലഘട്ടത്തിലെ സാഹിത്യ രചനകളുടെ ചാലകശക്തിയായി മാറിയത്. ദേശം, സ്വത്വം, രാഷ്ട്രീയം എന്നീ മേഖലകളിലെല്ലാം ചൂഷണം ചെയ്യപ്പെട്ട ആഫ്രിക്കൻ ജനതയുടെ വൈകാരികഭാവങ്ങളെ ഉൾച്ചേർത്തുകൊണ്ട് പാരമ്പര്യവും പൈതൃകവും വീണ്ടെടുത്ത് പ്രതിരോധത്തിന്റെ പാഠങ്ങളിലൂടെ പ്രതീക്ഷയുടെയും അന്തസ്സിന്റെയും മാനങ്ങൾ സ്വന്തമാക്കാൻ ഉദ്ബോധിപ്പിച്ച കവിതകളെക്കുറിച്ചുള്ള പഠനമാണ് പ്രബന്ധത്തിന്റെ സാരം. ആഫ്രിക്കയുടെ സാംസ്കാരികത്തനിമയെ ഉണർത്തുന്നതിൽ പ്രധാന പങ്കുവഹിച്ച 'നെഗ്രിറ്റ്യൂഡ്' പ്രസ്ഥാനത്തെക്കുറിച്ചുള്ള സാമാന്യവിശകലനവും ഈ പ്രബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 'നെഗ്രിറ്റ്യൂഡ്', ദളിത് സമൂഹത്തിന്റെ സാർവ്വദേശീയമായ ഉന്നമനത്തിന് പ്രചോദനമായി എന്ന് തെളിയിക്കുന്ന എഴുത്തുകൾ മലയാളത്തിലുണ്ടായി എന്നതും ശ്രദ്ധേയമാണ്. കെ.എം. സലിം കുമാർ എഴുതിയ 'നെഗ്രിറ്റ്യൂഡ്' എന്ന ഗ്രന്ഥം ആഫ്രിക്കൻ പ്രസ്ഥാനക്കുറിച്ചുള്ള വിവരണമല്ല, മറിച്ച് ഭാരതത്തിലെ ദളിത് വിമോചനപ്രവർത്തനങ്ങളുടെ വസ്തുനിഷ്ഠമായ പഠനമാണ് എന്നത് 'നെഗ്രിറ്റ്യൂഡ്' എന്ന പദം പ്രതിനിധാനം ചെയ്യുന്ന വൈവിധ്യമാർന്ന അർത്ഥതലങ്ങളുടെ ഉദാഹരണമാണ്.

**താക്കോൽ വാക്കുകൾ:** ആഫ്രിക്ക, നെഗ്രിറ്റ്യൂഡ്, സ്വത്വം, രാഷ്ട്രീയം, ആധുനികാനന്തരത, ബിംബങ്ങൾ, കോളനിവത്കരണം, സാമ്രാജ്യത്വശക്തികൾ, രാത്രി, മണൽത്തിട്ട, വിട, കറുമ്പി.

## ആമുഖം

ഇരുണ്ട ഭൂഖണ്ഡം എന്നാണ് ആഫ്രിക്ക അറിയപ്പെടുന്നത്. വനനിബിഢമായ പ്രദേശങ്ങളുടെ പ്രൗഢിയും ഇരുണ്ട വർണ്ണമുള്ള മനുഷ്യരുടെ സൗന്ദര്യവും കൂടിക്കലർന്നതുകൊണ്ടാവാം ആഫ്രിക്കയ്ക്ക് ഈ പേരു ലഭിച്ചത്. വിവിധ ഗോത്രവർഗ്ഗക്കാരുടെ വൈവിധ്യമുള്ള ഭാഷയും ജീവിതശൈലികളും ആചാരാനുഷ്ഠാനങ്ങളും ഉൾക്കൊള്ളുന്ന ബഹുസ്വരതയായിരുന്നു ആഫ്രിക്കയുടെ ശക്തിയും ദൗർബല്യവും. ഗോത്രവർഗ്ഗക്കാരുടെ ഇടയിൽ നിലനിന്നിരുന്ന ഭിന്നിപ്പും മാത്സര്യവും സാമ്രാജ്യത്വശക്തികൾക്ക് ആഫ്രിക്കയുടെ വനസമ്പത്തും ധാതുസമ്പത്തും മനുഷ്യസമ്പത്തും എളുപ്പത്തിൽ കൊള്ളയടിക്കാൻ സഹായകരമായി. അധിനിവേശശക്തികളുടെ

* അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം, സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്

 ISSN No: 3049-0316 

അനിയന്ത്രിതമായ ചൂഷണംമൂലം ആഫ്രിക്ക ശിഥിലമായി. പാരീസിലും മറ്റു യൂറോപ്യൻ രാജ്യങ്ങളിലും ഉപരിപഠനം നടത്താൻ സാധിച്ച ആഫ്രിക്കൻ വിദ്യാർത്ഥികളും കവികളും ആഫ്രിക്കയുടെ സ്വത്വാവബോധം വീണ്ടെടുക്കാനുള്ള പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് ആവേശപൂർവ്വം സാഹിത്യരചനകളിൽ മുഴുകി. ദേശം, സ്വത്വം, രാഷ്ട്രീയം എന്നീ മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ആഫ്രിക്കയുടെ പാരമ്പര്യത്തെയും സംസ്കാരത്തെയും വീണ്ടെടുക്കാനുള്ള ശ്രമങ്ങൾ കോളനിയനന്തര കാലഘട്ടത്തിൽ സജീവമായി. 'നെഗ്രിറ്റ്യൂഡ്'' പ്രസ്ഥാനവും സാഹിത്യ-സാംസ്കാരിക പ്രവർത്തനങ്ങളും പ്രസ്തുത ലക്ഷ്യത്തിന് ഊർജ്ജസ്വലത നൽകി. 'നെഗ്രിറ്റ്യൂഡ്' പ്രസ്ഥാനത്തെ അനുകൂലിച്ചും എതിർത്തും സാഹിത്യരചന നടത്തിയവരെല്ലാം ആഫ്രിക്കൻ സ്വത്വാവബോധത്തെ വീണ്ടെടുക്കണമെന്ന പൊതുവായ ലക്ഷ്യം മുൻനിർത്തിയാണ് പ്രവർത്തിച്ചത്.

### നെഗ്രിറ്റ്യൂഡ് പ്രസ്ഥാനം

കൊളോണിയൽ ശക്തികൾക്കെതിരായ ആഫ്രിക്കൻ ജനതയുടെ ചരിത്രപരവും സംസ്കാരികവുമായ മുന്നേറ്റമാണ് 'നെഗ്രിറ്റ്യൂഡ്'. തങ്ങളുടെ പൈതൃകത്തിലും സംസ്കാരത്തിലും ആഫ്രിക്കൻ ജനതയ്ക്ക് ഉണ്ടായ വർദ്ധിച്ച അഭിമാനത്തിന്റെ വെളിപ്പെടുത്തലായിരുന്നു അത്. കറുത്തവന്റെ വ്യക്തിത്വത്തെ ഒരു സാംസ്കാരിക മാതൃകയായി 'നെഗ്രിറ്റ്യൂഡ്'' അവതരിപ്പിച്ചു. കവിയും സെനഗലിന്റെ ആദ്യപ്രസിഡന്റുമായ ലിയോപോൾഡ് സെദാർ സെങ്ഘോർ, മാർട്ടിനിക്കൻ കവിയായ എയിം സെസയർ, ഫ്രഞ്ച് ഗയാനയിൽ നിന്നുള്ള ലിയോൺ ഡമാസ് എന്നിവരാണ് ഈ പ്രസ്ഥാനത്തിന്റെ സ്ഥാപകനേതാക്കൾ. ഉപരിപഠനാർത്ഥം പാരീസിലെത്തിയ കറുത്ത വിദ്യാർത്ഥിൾ തങ്ങളുടെ വർഗ്ഗത്തെ ബാധിച്ച ദുരവസ്ഥ തിരിച്ചറിഞ്ഞു. ഫ്രഞ്ച് വിദ്യാഭ്യാസം നൽകിയ ലോകബോധവും വിമോചന ചിന്തയും ഫ്രാൻസിലെ സാമൂഹിക സാംസ്കാരിക സാഹചര്യങ്ങളും നെഗ്രിറ്റ്യൂഡിനെ ഒരു ചർച്ചാവിഷയമായി ഉയർത്താൻ അവർക്ക് പ്രേരണയായി.

1935-ൽ മാർട്ടിനിക്കൻ കവി എയിം സെസയർ സഹപ്രവർത്തകരുമായി ചേർന്ന് ആരംഭിച്ച ലെറ്റുഡിയന്റ് നൊവാർ (ദ ബ്ലാക്ക് സ്റ്റുഡന്റ്) എന്ന മാസികയുടെ മൂന്നാം ലക്കത്തിലാണ് 'നെഗ്രിറ്റ്യൂഡ്'' എന്ന പദം ആദ്യമായി ഉപയോഗിച്ചത്. എയിം സെസയർ 1939-ൽ പുറത്തിറക്കിയ 'നോട്ട്ബുക്ക് ഓഫ് എ റിട്ടേൺ ടു ദി നേറ്റീവ് ലാൻഡ്'' എന്ന കവിതയിലാണ് 'കറുപ്പ്', അല്ലെങ്കിൽ 'കറുത്ത വർഗ്ഗക്കാരന്റെ അവസ്ഥ' എന്ന അർത്ഥത്തിൽ 'നെഗ്രിറ്റ്യൂഡ്'' എന്ന വാക്ക് പ്രയോഗിച്ചത്. ഇതിനെത്തുടർന്ന് 'നെഗ്രിറ്റ്യൂഡ്'' എന്ന പദം പ്രചാരത്തിലായി.

ലത്തീൻ ഭാഷയിലെ 'Niger' എന്ന വാക്കിൽ നിന്നാണ് ഫ്രഞ്ച് പദമായ 'Negre' (നെഗ്രി) രൂപപ്പെട്ടത്. ഇംഗ്ലീഷിലെ Negro എന്ന വാക്കിന് സമാനമായി കറുത്ത വർഗ്ഗക്കാരനെ അധിക്ഷേപിക്കാൻ ഉപയോഗിച്ചിരുന്ന പദമാണ് നെഗ്രി (Negri). ഇതിൽനിന്നാണ് Negritude എന്ന പദം രൂപീകരിച്ചത്. 'കറുത്തവനായിരിക്കുന്നതിന്റെ അവസ്ഥ' അഥവാ 'കറുത്ത വർഗ്ഗക്കാരന്റെ സാംസ്കാരിക സ്വത്വം' എന്ന അർത്ഥം ഈ പദത്തിന് കൈവന്നു. നീഗ്രോയുടെ സ്വത്വം അഥവാ 'നീഗ്രോത്വം' എന്നത് കേവലം ശരീരത്തിന്റെ നിറമല്ല, മറിച്ച് അധിനിവേശങ്ങൾക്കെതിരെ തങ്ങളുടെ തനതായ സംസ്കാരത്തെയും മനുഷ്യത്വത്തെയും ഉയർത്തിപ്പിടിച്ച സാംസ്കാരിക പ്രതിരോധവും ഉദാത്തമായ സ്വത്വബോധവുമാണ്. വർണ്ണവിവേചനത്തെയും സാമ്രാജ്യത്വചൂഷണങ്ങളെയും അത് എതിർക്കുന്നു. എന്നാൽ, മറ്റുള്ള വംശങ്ങളെയോ വെളുത്ത വർഗ്ഗക്കാരെയോ വെറുക്കാതെ ലോകസംസ്കാരത്തിന്റെ ഭാഗമായി തങ്ങളുടെ തനിമയെയും നിലനിർത്താനുള്ള അവകാശവാദമാണത്. കറുത്ത വർഗ്ഗക്കാരെ അടിച്ചമർത്താനും അധിക്ഷേപിക്കുവാനുമായി ഉപയോഗിച്ച 'നീഗ്രോ' എന്ന വാക്കിനെ അഭിമാനത്തോടെ സ്വീകരിച്ച് 'ഞങ്ങൾ കറുത്തവരാണ്, അതിൽ അഭിമാനിക്കുന്നു' എന്നു പ്രഖ്യാപിച്ചുകൊണ്ട് പോസിറ്റീവ് സ്വത്വമാക്കി അവർ മാറ്റിയെടുത്തു. അതോടൊപ്പം 'പ്രാകൃതം' എന്നു വിശേഷിപ്പിക്കപ്പെട്ട പരമ്പരാഗത കല, ശില്പം, സംഗീതം, നൃത്തം എന്നിവയെ ഉദാത്തമായി കണക്കാക്കുന്ന സ്വത്വാവബോധത്തിലേക്ക് ആഫ്രിക്കൻ ജനതയെ ഉയർത്തുവാനും 'നെഗ്രിറ്റ്യൂഡ്'' പ്രസ്ഥാനത്തിന് കഴിഞ്ഞു. വിമർശനങ്ങൾ നേരിടേണ്ടി വന്നെങ്കിലും 'മാനവികതയുടെ സംസ്കാരത്തിലേക്കുള്ള ആഫ്രിക്കയുടെ സംഭാവന' എന്നാണ് സെങ്ഘോർ 'നെഗ്രിറ്റ്യൂഡ്'' പ്രസ്ഥാനത്തെ വിശേഷിപ്പിച്ചത്. വിവിധ ഘട്ടങ്ങളിലൂടെയാണ് 'നെഗ്രിറ്റ്യൂഡ്'' വലിയൊരു പ്രസ്ഥാനമായി വികാസം പ്രാപിച്ചത്.

ഒന്നാം ഘട്ടം - യുക്തിവിചാരത്തിന്റെയും സാങ്കേതികതയുടെയും മുതലാളിത്ത വ്യവസ്ഥിതിയുടെയും യൂറോപ്യൻ മൂല്യങ്ങൾക്കെതിരെ നിലകൊണ്ടു.

രണ്ടാം ഘട്ടം - സ്വാതന്ത്ര്യപ്രാപ്തിയുടെ ഘട്ടം - രാഷ്ട്രങ്ങൾ തമ്മിലുള്ള പരസ്പര സഹകരണം സാധ്യമാക്കുന്ന ആശയമായി നെഗ്രിറ്റ്യൂഡിനെ പരിവർത്തിപ്പിച്ചു. സാംസ്കാരിക-രാഷ്ട്രീയ സ്വയം

ഭരണാവകാശം ഉറപ്പാക്കുന്ന ഒരു ഫ്രഞ്ച് ആഫ്രിക്കൻ സഹകരണമായിരുന്നു ഇതിന്റെ ലക്ഷ്യം. എതിർപ്പല്ല, പരസ്പരപൂരകമായി വർത്തിക്കുക എന്ന ആശയത്തിന് ഈ ഘട്ടത്തിൽ പ്രാധാന്യം ലഭിച്ചു.

മൂന്നാം ഘട്ടം - യൂറോപ്യൻ മൂല്യങ്ങളാൽ പരിപാകപ്പെട്ട ആഫ്രിക്കൻ മൂല്യങ്ങളുടെ ഗരിമ തിരിച്ചറിഞ്ഞ് സാർവത്രിക സംസ്കാരത്തിന് (Universal Civilization) അതു പകർന്നുനൽകാനുള്ള ആഹ്വാന മാണ് ഈ ഘട്ടത്തിൽ രൂപപ്പെട്ടത്.

നാലാം ഘട്ടം - 1963-നു ശേഷം സാമൂഹികവളർച്ചയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് രാഷ്ട്രനിർമ്മാണത്തിനും വികസനത്തിനുമുള്ള പ്രായോഗിക സിദ്ധാന്തമായി 'നെഗ്രിറ്റ്യൂഡ്'' മാറി.

'നെഗ്രിറ്റ്യൂഡ്'' തത്വശാസ്ത്രമേഖലയിലും വികാസം പ്രാപിച്ചു. നീഗ്രോ സ്റ്റൈൽ രൂപപ്പെടുത്തുന്ന ഒരു പ്രധാന ശക്തി 'റിഥം' (താളം) ആണെന്ന് സെങ്ഘോർ 'What the Black Man Contributes' എന്ന പുസ്തകത്തിൽ വിവരിക്കുന്നുണ്ടെന്ന് സുലൈമാൻ ബഷീർ ദിയാന്യ സാക്ഷ്യപ്പെടുത്തുന്നു.[1] റിഥം എന്നത് ആന്തരികമായ ഊർജ്ജസ്വലതയാണ്. അത് ഭൗതികവും ഇന്ദ്രപരവുമായ മാർഗ്ഗങ്ങളിലൂടെ വെളിപ്പെടുന്നു. ചിത്രരചനയിലും ശില്പകലയിലും വാസ്തുശാസ്ത്രത്തിലും കവിതയിലും സംഗീതത്തിലും നൃത്തത്തിലുമെല്ലാം റിഥം (താളം) കണ്ടെത്താൻ സാധിക്കും. ഒരു ആഫ്രിക്കൻ വംശജനെ സംബന്ധിച്ചിടത്തോളം താളം അവരുടെ ഇന്ദ്രിയാനുഭൂതികളിലും ശാരീരികഭാവങ്ങളിലും ലയിച്ചുചേരുമ്പോഴാണ് അവരുടെ ചൈതന്യത്തെ പ്രകാശിപ്പിക്കുന്നതെന്ന് സെങ്ഘോർ പറയുന്നു.[2]

ചുരുക്കത്തിൽ, ആഴമേറിയ തത്വശാസ്ത്രവും താളബോധവും ഉൾക്കൊള്ളുന്നതാണ് ആഫ്രിക്കൻ പാരമ്പര്യവും ആത്മീയതയുമെന്ന് 'നെഗ്രിറ്റ്യൂഡ്'' പ്രസ്ഥാനം സമർത്ഥിക്കുന്നു. അധിനിവേശ ശക്തികൾ അടിച്ചമർത്തിയ കറുത്ത വർഗ്ഗക്കാരന്റെ സ്വത്വപ്രഖ്യാപനമാണ് 'നെഗ്രിറ്റ്യൂഡ്''. കറുത്ത തൊലിക്കും ചുരുണ്ട മുടിക്കും തടിച്ച ചുണ്ടിനും കരുത്തുറ്റ ശരീരത്തിനും ഓട്ടത്തിന്റെ വേഗതയ്ക്കുമപ്പുറം ആഫ്രിക്കക്കാരന്റെ ആത്മാവ്, വേരുകൾ, പാരമ്പര്യങ്ങൾ, പഴമ്പുരാണങ്ങൾ, കഥകൾ, ഐതിഹ്യങ്ങൾ, ആദിമവിശ്വാസങ്ങൾ എന്നിവയൊക്കെ ചേർന്ന സമഗ്രവ്യക്തിത്വത്തിന്റെ തിരിച്ചറിവാണ് 'നെഗ്രിറ്റ്യൂഡ്''. ഈ വ്യക്തിത്വം കണ്ടെത്തുവാനും ആവിഷ്കരിക്കുവാനും ശ്രമിച്ച ഒരു കൂട്ടം കവികളിലാണ് ഇതൊരു പ്രസ്ഥാനമായി വളർന്നത്.

### കവിതാപഠനങ്ങൾ

#### വിട – അഗസ്റ്റിന്നോ നെറ്റോ

അംഗോളയുടെ ആദ്യപ്രസിഡന്റും പ്രശസ്ത ആഫ്രിക്കൻ കവിയുമായ അഗസ്റ്റിന്നോ നെറ്റോയുടെ ഹൃദയസ്പർശിയായ കവിതയാണ് 'വിട.' ആഫ്രിക്കൻ ജനതയുടെ സ്വതസിദ്ധമായ ജീവിതശൈലികളെയും അവയെ അടിച്ചമർത്തുന്ന സാമ്രാജ്യത്വശക്തികളെയും അവയോടുള്ള പ്രതിരോധത്തെയും ഇഴചേർത്തു രചിച്ച പ്രസ്തുത കവിത മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് സച്ചിദാനന്ദൻ ആണ്. സ്വത്വബോധത്തിന്റെയും ദേശീയബോധത്തിന്റെയും വംശബോധത്തിന്റെയും അവകാശബോധത്തിന്റെയും കവിതയാണ് 'വിട'.

കോളനിയനന്തര കാലഘട്ടത്തിന്റെ ഉയർത്തെഴുന്നേൽപ്പാണ് കവിതയുടെ പശ്ചാത്തലം. സ്വന്തം തനിമയിൽ നിലനിൽക്കാനുള്ള ആഹ്വാനമാണ് ഈ കവിതയുടെ അന്തഃസത്ത. പ്രതീക്ഷയുടെയും സാഹോദര്യത്തിന്റെയും നന്മയുടെയും അവസ്ഥ കവി വിഭാവനം ചെയ്യുന്നു. പാരമ്പര്യബോധത്തെക്കുറിച്ച് അഭിമാനം കൊള്ളാനും ഭയത്തെ മറികടക്കാനും കവിതയിലൂടെ നെറ്റോ ഉദ്ബോധിപ്പിക്കുന്നു. തങ്ങൾക്കുവേണ്ടി അദ്ധ്വാനിക്കാനും ദാസ്യവൃത്തിയോട് വിടപറയാനും ആവശ്യപ്പെടുന്ന കവി തങ്ങളിൽ തന്നെ പ്രതീക്ഷ അർപ്പിക്കാൻ ജനങ്ങളോട് ആവശ്യപ്പെടുന്നു. ജീവിതത്തിന് അർത്ഥം കണ്ടെത്താൻ പ്രചോദിപ്പിച്ചുകൊണ്ട് ആഫ്രിക്കൻ ജനതയുടെ അന്തസ്സ് അദ്ദേഹം ഉയർത്തിക്കാണിക്കുന്നു. ലോകത്തിന്റെ ദൃഷ്ടിയിൽ ആഫ്രിക്കൻ ജനതയെക്കുറിച്ചുള്ള കാഴ്ചപ്പാട് കവിതയിൽ അവതരിപ്പിക്കുന്നു.

കവിതയുടെ ആദ്യഭാഗത്ത് ലോകത്തിന്റെ കാഴ്ചപ്പാട് അവതരിപ്പിച്ചശേഷം ആഫ്രിക്കൻ ജനത സ്വീകരിക്കേണ്ട മനോഭാവത്തെക്കുറിച്ച് കവി സൂചിപ്പിക്കുന്നു. ഒന്നും ഉടുക്കാത്ത കാടൻ ഗോത്രസന്തതികളുടെ കാഴ്ചപ്പാടിൽ ജീവിതം അടിയറവ് പറയേണ്ടവരല്ല, മറിച്ച് അതിനെ മറികടക്കേണ്ടവരാണ് ആഫ്രിക്കക്കാർ എന്ന് കവി പ്രബോധിപ്പിക്കുന്നു. ആഫ്രിക്കക്കാർ തങ്ങളിൽ തന്നെ പ്രതീക്ഷ വയ്ക്കണമെന്ന് കവി ആവശ്യപ്പെടുന്നു.

 ISSN No: 3049-0316 

മറ്റാരിലും പ്രതീക്ഷ വയ്ക്കേണ്ട കാര്യമില്ല; ആരും രക്ഷിക്കാൻ വരികയുമില്ല. സ്വയം രക്ഷ കണ്ടെത്തുക എന്ന താണ് പ്രതിവിധി. 'തങ്ങൾ തന്നെയാണ് പ്രതീക്ഷ; തങ്ങളിൽ തന്നെ പ്രതീക്ഷ കണ്ടെത്തുക' എന്ന ആഹ്വാന മാണ് കവി നൽകുന്നത്.

ആഫ്രിക്കക്കാർ കാത്തിരിക്കുന്നവരാകരുത്. മറ്റുള്ളവർ തങ്ങൾക്കുവേണ്ടി കാത്തിരിക്കാൻ തക്കവിധം കരുത്തുറ്റവരായി ആഫ്രിക്കൻ ജനത മാറണം. ലോകത്തിന്റെ കാഴ്ചപ്പാടുകളെ കീഴ്മേൽ മറിക്കു ന്നവരാകണം ആഫ്രിക്കൻ ജനത. മറ്റു രാജ്യക്കാർ തങ്ങളെ കാത്തിരിക്കാൻ തക്കവിധം ആഫ്രിക്കൻ ജനത ശക്തരാകണമെന്ന് കവി ആഗ്രഹിക്കുന്നു. അതിനുള്ള ശക്തിയും വിഭവങ്ങളും (മനുഷ്യസമ്പത്ത്) ആഫ്രി ക്കൻ ജനതയ്ക്കുണ്ട്. ഭയം ഉപേക്ഷിക്കുക, സ്വത്വബോധത്തിലും ദേശീയബോധത്തിലും വളരുക, തലകുനി ക്കാതെ തങ്ങളിൽത്തന്നെ വിശ്വാസമർപ്പിക്കുക എന്നദ്ദേഹം സ്വന്തം ജനത്തെ ഉപദേശിക്കുന്നു. അതിനാൽ ഭയം, ലജ്ജ, ദാസ്യവൃത്തി, അപകർഷതാബോധം എന്നിവയോട് വിട പറയുവാൻ ഉദ്ബോധിപ്പിക്കുന്നതിലൂടെ കവിത പൂർണ്ണമാകുന്നു.

കുട്ടികൾ നഷ്ടപ്പെട്ടുപോയ കറുത്ത അമ്മമാരുടെ വേദനയും ദുഃഖവും നഷ്ടപ്പെട്ടുപോയ പ്രതീക്ഷകളും അവതരിപ്പിച്ചുകൊണ്ട് ആരംഭിക്കുന്ന കവിത വീണ്ടുകിട്ടിയ ജീവിതത്തിന്റെ പ്രതീക്ഷയായി ആഫ്രിക്കൻ ജനതയെ അവതരിപ്പിച്ചുകൊണ്ട് പരിസമാപ്തി കുറിക്കുമ്പോൾ സ്വത്വബോധനത്തിന് പുതിയൊരു മാനം കൈവരുന്നു.

**രാത്രി – വോളെ സോയിങ്ക**

നൈജീരിയൻ കവിയും നാടകരചയിതാവുമായ വോളെ സോയിങ്ക 1986-ലെ നൊബേൽ പുരസ്കാര ജേതാവാണ്. നൈജീരിയയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിച്ച അദ്ദേഹം ആഫ്രിക്കൻ ജനതയുടെ മഹത്വവും അന്തസ്സും ഉയർത്തിപ്പിടിക്കുന്ന സാഹിത്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ആഫ്രിക്കൻ ഗോത്രജനതയുടെ മിത്തുകളും രാഷ്ട്രീയാനുഭവങ്ങളും സമകാലികസാമൂഹികവിഷയങ്ങളും അദ്ദേഹം തന്റെ സാഹിത്യരചനകളുടെ പ്രമേയമാക്കി. 'നെഗ്രിറ്റ്യൂഡ്'' പ്രസ്ഥാനത്തെ അദ്ദേഹം വിമർശിച്ചു. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ പാരമ്പര്യത്തെ ആദർശവത്കരിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നതിനേക്കാൾ നവകാഴ്ചപ്പാടു കളും ആധുനീകരണത്തിന്റെ ഗുണാത്മകമായ വശങ്ങളും സ്വന്തമാക്കി ആഫ്രിക്കയുടെ മഹത്വവും അന്തസ്സും ഉയർത്തുക എന്നതാണ് പ്രധാനമായിട്ടുള്ളത്. പ്രകൃതിയുടെ പരിണാമങ്ങൾക്ക് വ്യക്തിഗതമാനം നൽകി വൈകാരികവും തീക്ഷ്ണവുമായ പ്രതീകങ്ങളിലൂടെ ആഫ്രിക്കൻ ജനത അനുഭവിച്ച ചൂഷണത്തെ അവതരിപ്പിക്കുന്ന 'രാത്രി' എന്ന കവിത ദേശമംഗലം രാമകൃഷ്ണനാണ് മലയാളത്തിലേക്ക് തർജ്ജമ ചെയ്തത്.

രാത്രിയെ വൈയക്തികഭാവത്തിൽ അവതരിപ്പിക്കുന്ന കവിതയാണിത്. രാത്രിയുടെ മാസ്മരികതയെ ആഫ്രിക്കയെ കീഴടക്കിയ സാമ്രാജ്യത്വശക്തികളുടെ തന്ത്രങ്ങളായി കവി അവതരിപ്പിക്കുന്നു. രാത്രി സൃഷ്ടിക്കുന്ന അനുഭവങ്ങളെ സാമ്രാജ്യത്വ ശക്തികൾ സൃഷ്ടിച്ച അനുഭവങ്ങളുമായി അദ്ദേഹം താരതമ്യപ്പെടുത്തുന്നു.

'ചന്ദ്രന്റെ ഉപരിതലത്തിൽ കാണുന്ന കലമാൻ മുദ്ര', 'മുത്തുകൾ പോലെയുള്ള നക്ഷത്രങ്ങൾ' എന്നിവ യെല്ലാം രാത്രിയിൽ ആഫ്രിക്കൻ ഭൂഖണ്ഡത്തെ മനോഹരമാക്കുന്ന വസ്തുതകളാണ്. കറുമ്പിയായ യുവതി അണിയുന്ന വേഷഭൂഷാദികളോട് കവി അവയെ താരതമ്യപ്പെടുത്തുന്നു. ഈറനണിഞ്ഞ തൊലിപ്പുറത്തും നീണ്ട മുടിയുടെ നിഴലിലും അവ മനോഹരമായ ദൃശ്യങ്ങൾ ചമയ്ക്കുന്നു. കാല്പനികകവിതയാണെങ്കിലും ഇതിൽ ദേശീയതയുടെ ഉള്ളർത്ഥങ്ങൾ ലയിച്ചുചേർന്നിരിക്കുന്നു. 'രാത്രി', 'മണൽത്തിട്ട' എന്നീ രണ്ട് ബിംബങ്ങളിലൂടെയാണ് കവിത മുന്നോട്ടുപോകുന്നത്. രാത്രിയെ കോളനിവത്കരണശക്തികളായി കണക്കാക്കാം. സാമ്രാജ്യത്വശക്തികൾക്ക് ഉല്ലസിക്കണം, ചൂഷണം ചെയ്യണം. അവരുടെ സുഖവും സ്വാർത്ഥമോഹങ്ങളും സ്വപ്നങ്ങളും നടപ്പിലാക്കണം. അതിനുള്ള തന്ത്രങ്ങൾ അവർക്കുണ്ട്. മോഹിപ്പിക്കുന്ന നിലാവുപോലെ അവർ വശീകരിക്കുന്നു. എന്നാൽ മണൽത്തിട്ട അവരുടെ തന്ത്രങ്ങളിൽ വീഴാതിരിക്കാൻ ശ്രദ്ധിക്കുന്നു. മണൽത്തിട്ട കീഴടക്കപ്പെട്ട ആഫ്രിക്കയാണ്.

സാമ്രാജ്യത്വശക്തികൾ നിലാവുള്ള രാത്രിയെപ്പോലെ ആകർഷണീയമായി സമീപിക്കുന്നു. തുടർന്ന് ആ രാത്രി (അവരുടെ ചൂഷണം) ഭീകരമായി മാറുന്നു. രാത്രിയുടെ കൈ ആഫ്രിക്കൻ നെറ്റിയിൽ കനത്ത് നിൽക്കുന്നു. ആഫ്രിക്കയുടെ ശക്തിയും സൗന്ദര്യവും ചോർത്തിക്കളഞ്ഞിരിക്കുന്നു. സാമ്രാജ്യത്വശക്തികളുടെ

ISSN No: 3049-0316


പെരുമാറ്റങ്ങൾക്കും ആശയങ്ങൾക്കും ആഫ്രിക്കയെ ഉത്തേജിപ്പിക്കാൻ കഴിയുന്നില്ല. തിരമാലകളിലെ നത്തയ്ക്കപോലെ (നത്തയ്ക്ക – ചിപ്പിയുടെ വർഗ്ഗത്തിൽപെട്ട കട്ടിയുള്ള പുറന്തോടുള്ള ജലജീവി) കടലിന്റെ തിളക്കത്തിനും തരംഗങ്ങളുടെ നൃത്തത്തിനുമായി കൊതിച്ച് അസൂയപൂണ്ട സാമ്രാജ്യത്വശക്തികളുടെ കണ്ണുകളിലെ കാപട്യം ആഫ്രിക്ക മനസ്സിലാക്കുന്നു.

ബിംബങ്ങളിലൂടെ (രാത്രി, മണൽത്തിട്ട) കോളനിവാഴ്ചയുടെ ചരിത്രത്തെയും ഘട്ടങ്ങളെയും അവയോട് പ്രതികരിക്കേണ്ട കാഴ്ചപ്പാടിനെയും മുന്നറിയിപ്പിനെയും ഹൃദയത്തിൽ തറയ്ക്കുന്ന ഭാഷയിൽ കവി അവതരിപ്പിക്കുന്നു. ആഫ്രിക്കക്കാരുടെ വ്യക്തിജീവിതത്തിലും ദേശീയ ജീവിതത്തിലും പ്രാദേശിക-സാംസ്കാരിക-പാരമ്പര്യ സ്വത്വത്തിലും കോളനിവാഴ്ച സൃഷ്ടിച്ച പ്രതിഫലനങ്ങൾ ലളിതമായും പരോക്ഷമായും കവി ആവിഷ്കരിച്ചിരിക്കുന്നു.

രാത്രി (സാമ്രാജ്യത്വശക്തികൾ) എങ്ങനെ സമീപിക്കുന്നു എന്നും മണൽത്തിട്ട (ആഫ്രിക്ക) എങ്ങനെ പ്രതികരിക്കും എന്നും കവി പറയുന്നു. കൗശലക്കാരനായ രാത്രിയുടെ പ്രവേശനം മനോഹരമാണ്, വർണ്ണാഭമാണ്, ശാന്തമാണ്. പക്ഷേ അത് പതുക്കെ എല്ലാറ്റിനെയും കീഴടക്കുന്നു. ആരുമറിയാതെ സാവകാശമാണ് രാത്രി വരുന്നത്. എന്നാൽ, രാത്രി ഭൂമിയെ ബാധിച്ചു കഴിഞ്ഞാൽ ഭയാനകത ഉളവാക്കുന്നു. എങ്ങും നിറയുന്ന അന്ധകാരം എല്ലാ പ്രവർത്തനങ്ങളെയും നിശ്ചലമാക്കുന്നു. എല്ലാറ്റിനെയും ഉറക്കുന്ന തന്ത്രമാണ് രാത്രി പ്രയോഗിക്കുന്നത്. രാത്രി മധുരിമയോടെ, ആകർഷണീയതയോടെ വന്നെത്തി എല്ലാറ്റിനെയും കീഴടക്കുന്നു. ആരും അറിയാതെ അവരുടെ ജീവിതത്തെ മുഴുവൻ നിയന്ത്രിക്കുന്ന ശക്തിയായി രാത്രി മാറുന്നു. സാമ്രാജ്യത്വശക്തികളും ഇങ്ങനെയാണ്. അവർ ഗോത്രത്തലവന്മാർക്ക് സമ്മാനങ്ങൾ നൽകി അവരുടെ വിശ്വാസം നേടിയെടുക്കുന്നു. മറ്റു ഗോത്രക്കാരുമായുള്ള യുദ്ധത്തിൽ പ്രാദേശിക ഭരണാധികാരികൾക്ക് സഹായം നൽകി അവരുടെ പ്രീതി പിടിച്ചുപറ്റി കച്ചവടത്തിനുള്ള സ്വാതന്ത്ര്യവും അവകാശവും സാമ്രാജ്യത്വശക്തികൾ നേടിയെടുക്കുന്നു. സാവകാശം അവർ തങ്ങളുടെ യജമാനന്മാരെ (ആഫ്രിക്കൻ ജനതയെ) തങ്ങളുടെ അധീനതയിലാക്കുന്നു.

"വേരുകൾ തേടി ചോരയും ഉപ്പുനീരുമിറങ്ങിപ്പോയി വരണ്ട മണൽത്തിട്ട" എന്ന് പറയുമ്പോൾ സാമ്രാജ്യത്വശക്തികളുടെ ചൂഷണത്തിനിരയായി ദരിദ്രമാക്കപ്പെട്ട ആഫ്രിക്കയെയാണ് കവി സൂചിപ്പിക്കുന്നത്. 'പുള്ളികുത്തിയ കോശങ്ങൾ ഓരോന്നും കുതിരുവോളം മഴയിൽ നനയുന്ന ഇലകൾ' ആഫ്രിക്ക നേരിട്ട ചൂഷണത്തിന്റെ വ്യാപ്തി വെളിവാക്കുന്നു. ആഫ്രിക്കയുടെ സകല മണ്ഡലങ്ങളിലും സാമ്രാജ്യത്വശക്തികൾ അധിനിവേശം നടത്തി. മനുഷ്യസമ്പത്ത്, വനസമ്പത്ത്, ഭൂമിസമ്പത്ത്, ധാതുസമ്പത്ത് തുടങ്ങിയവയെല്ലാം ചൂഷണം ചെയ്യുന്ന സാമ്രാജ്യത്വശക്തികളുടെ രാഷ്ട്രീയം കവി അവതരിപ്പിക്കുന്നു. അവരുടെ ആഗമനം ഈർച്ചവാളിന്റെ വായ്ത്തലകളാണ്. രാത്രിയുടെ നിഴലിനെ സാമ്രാജ്യത്വശക്തികളുടെ ചൂഷണായുധമായി സങ്കൽപ്പിച്ചിരിക്കുന്നു. അവർ മുഖമില്ലാത്ത സ്പർശനങ്ങൾ നടത്തുന്നു. മുഖസ്പർശനം അഥവാ ചുംബനം സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും സൗമ്യതയുടെയും അടയാളമാണ്. എന്നാൽ ഇവിടെ മുഖമില്ലാത്ത സ്പർശനങ്ങളാണ് (ഐഡന്റിറ്റി വെളിപ്പെടുത്താത്ത ചൂഷണങ്ങൾ - മുഖം ഐഡന്റിറ്റിയുടെ അടയാളം) സാമ്രാജ്യത്വശക്തികൾ നടത്തുന്നതെന്ന് കവി കുറ്റപ്പെടുത്തുന്നു. അത് നിശബ്ദമായി ആഫ്രിക്കയെ കീറിമുറിക്കുന്നു. രാത്രിയിലെ കള്ളന്മാരെ പോലെ പെരുമാറുന്ന സാമ്രാജ്യത്വശക്തികൾ ഭൂമിയെ (ആഫ്രിക്കയെ) അസ്വസ്ഥമാക്കുമ്പോൾ ഒന്നും കേൾക്കാതിരിക്കാൻ തങ്ങളെ ഒളിപ്പിക്കണമെന്ന് വിലപിക്കുന്ന ആഫ്രിക്കൻ ജനതയുടെ മാനസികാവസ്ഥയെ കവി വൈകാരികതീവ്രതയോടെ വരച്ചുകാട്ടുന്നു. സാമ്രാജ്യത്വശക്തികളാൽ അസ്വസ്ഥമാക്കപ്പെട്ട ഭൂമി പുറപ്പെടുവിക്കുന്ന ക്ഷീണിച്ച വിളികൾ കവി പങ്കുവയ്ക്കുന്നു. നിരന്തരമായ ചൂഷണം ആഫ്രിക്കൻ സ്വത്വത്തെ കെട്ടഴിച്ചുവിടും എന്ന് കവി പറയുന്നു. ഇനിയും ചൂഷണം തുടർന്നാൽ ആഫ്രിക്ക തന്റെ സകല ബലഹീനതകളോടും കൂടി (നഗ്നയായി - ചൂഷണം ചെയ്യപ്പെട്ട അവസ്ഥ) ആരും ക്ഷണിക്കാതെയും ആരും കൽപ്പിക്കാതെയും പ്രതികരിക്കും എന്ന മുന്നറിയിപ്പ് നൽകി കവിത അവസാനിക്കുന്നു.

**കറുമ്പി – ലിയോപോൾഡ് സെദർ സെങ്ഘോർ**

'നെഗ്രിറ്റ്യൂഡ്'' പ്രസ്ഥാനത്തിന്റെ സ്ഥാപകരിൽ പ്രധാനിയായ ലിയോ പോൾഡ് സെദർ സെങ്ഘോറിന്റെ പ്രശസ്തമായ കവിതയാണ് 'കറുമ്പി'. സാഹിത്യരംഗത്തും രാഷ്ട്രീയരംഗത്തും വ്യക്തിമുദ്ര പതിപ്പിച്ച അദ്ദേഹം 1960-ൽ സെനഗലിന് സ്വാതന്ത്ര്യം ലഭിച്ചപ്പോൾ മുതൽ ഇരുപത് വർഷത്തോളം ആ രാജ്യത്തിന്റെ പ്രസിഡന്റായിരുന്നു. പ്രതീകങ്ങളിലൂടെയും ബിംബങ്ങളിലൂടെയും ആഫ്രിക്കയുടെ സ്വത്വം ഉയർത്തിപ്പിടിക്കുന്ന

 ISSN No: 3049-0316 

അദ്ദേഹത്തിന്റെ കവിതകൾ ആഫ്രിക്കൻ ജനതയുടെ അഭിമാനവും അനന്യതയും കാത്തുസൂക്ഷിക്കുന്നു. ആഫ്രിക്കയെ കറുത്തവംശത്തിന്റെ ആദിമമാതാവായി അവതരിപ്പിക്കുന്ന പ്രസ്തുത കവിത പുതുശ്ശേരി രാമചന്ദ്രനാണ് മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്.

ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ തനിമ, സ്വത്വബോധം എന്നിവ നേർരേഖയിൽ അവതരിപ്പിക്കുന്ന കവിതയാണ് 'കറുമ്പി'. ആഫ്രിക്കയുടെ സൗന്ദര്യബോധത്തെ മറയില്ലാതെ ഈ കവിതയിൽ കവി അവതരിപ്പിക്കുന്നു. ആഫ്രിക്കയുടെ വനസമ്പത്താണ് ഇരുണ്ട ഭൂഖണ്ഡം എന്ന പേരിന് അവളെ അർഹയാക്കിയത്. നിബിഢമായ വനമാണ് ആഫ്രിക്കയുടെ സമ്പത്തും കരുത്തും സൗന്ദര്യവും. വനസമ്പത്ത് കൊള്ളയടിക്കപ്പെട്ടത് 'നഗ്നയായവൾ' എന്ന ബിംബത്തിലൂടെ അവതരിപ്പിക്കുന്നു. എന്നിട്ടും 'ഉടുത്തൊരുങ്ങി നിൻ വർണ്ണത്താൽ' എന്നുപറയുമ്പോൾ ആഫ്രിക്കൻ ജനതയുടെ വർണ്ണമാണ് കവി ഉദ്ദേശിക്കുന്നത്.

അധിനിവേശശക്തികൾ ആഫ്രിക്കയുടെ വനഭൂമി തെളിച്ച് അവളെ വിരൂപമാക്കിയതിന്റെ ദുഃഖം കവി പ്രകടിപ്പിക്കുന്നു. അമ്മമരങ്ങൾ നൽകിയ പഴങ്ങളും അവയിൽ നിന്നുണ്ടാക്കുന്ന മദ്യവും അവിടുത്തെ ജനങ്ങൾക്ക് ആനന്ദം നൽകുന്ന സന്ദർഭങ്ങളും കവിതയിൽ കാണാം. അതുപോലെതന്നെ വെളുത്ത ചക്രവാളതലങ്ങളെ മുട്ടിയുരുമ്മിനിൽക്കുന്ന വൃക്ഷരഹിതമായ വിശാലമായ ആഫ്രിക്കൻ പുൽമേട്ടുകളും ആഫ്രിക്കയുടെ സൗന്ദര്യത്തിന്റെ പ്രതീകങ്ങളാണ്. അവയെ നശിപ്പിക്കാൻ പെരുമ്പറകൊട്ടി ശത്രുക്കൾ വരുന്നു. എങ്കിലും ആഫ്രിക്കയുടെ സൗന്ദര്യാനുഭൂതി പ്രിയപ്പെട്ടവരുടെ ആത്മസംഗീതമാണെന്ന് കവി പറയുന്നു. പുൽമേടുകളിൽ വീശിയടിക്കുന്ന കിഴക്കൻകാറ്റ് വന്യസൗന്ദര്യത്തിന്റെ മറ്റൊരു പ്രകടനമാണ്. ആഫ്രിക്കൻ വനാന്തരങ്ങളിൽ നിന്ന് ശേഖരിക്കുന്ന തൈലം (ഔഷധങ്ങൾ) മല്ലന്മാർക്കും രാജാക്കന്മാർക്കും പ്രിയങ്കരമാണ്. ആഫ്രിക്കയോടുള്ള തന്റെ താത്പര്യവും ശ്രദ്ധയും അവളുടെ കണ്ണുകളാകുന്ന സൂര്യന്മാരാൽ പ്രശോഭിക്കപ്പെടുകയാണെന്ന് തിരിച്ചറിയുന്ന കവി ആത്മനിർവൃതിയടയുന്നു. അതുകൊണ്ട് കവി ആഫ്രിക്കയെക്കുറിച്ച് പാടാൻ തുടങ്ങുകയാണ്. കൊഴിഞ്ഞുപോയ അവളുടെ സൗന്ദര്യത്തെപ്പറ്റിയും അനശ്വരതയിൽ കവി പ്രൗഢമാക്കാൻ പോകുന്ന രൂപത്തെപ്പറ്റിയും ഹൃദയസ്പർശിയായി വിവരിക്കുന്നു. ആഫ്രിക്കയുടെ കറുപ്പ് രണ്ടു വിധം. വനനിബിഢമായ ഭൂപ്രകൃതിയും അവിടുത്തെ ജനങ്ങളുടെ കറുപ്പ് വർണ്ണവും ആഫ്രിക്കയ്ക്ക് ഇരുണ്ടനിറം സമ്മാനിക്കുന്നു. ഇവ രണ്ടും ആഫ്രിക്കയുടെ സ്വത്വബോധത്തിന്റെ സവിശേഷതയാണ്. അതിൽ അഭിമാനം കൊള്ളുന്ന കവി അസൂയാലുവായ വിധി ആഫ്രിക്കയെ ഉപദ്രവിക്കുന്നതിനു മുൻപേ അവളെക്കുറിച്ച് പാടും എന്ന് പ്രഖ്യാപിക്കുകയാണ്. മറ്റുള്ളവരുടെ ജീവിതത്തിന്റെ വേരുകൾക്ക് വിരുന്നൂട്ടാൻവേണ്ടി ആഫ്രിക്കയെ ചാരമാക്കുന്നതിനു മുമ്പ് അവളെക്കുറിച്ച് പാടാൻ അദ്ദേഹം തിടുക്കം കാട്ടുന്നു.

## ഉപസംഹാരം

ആഫ്രിക്കയുടെ സൗന്ദര്യത്തെയും തനിമയെയും പ്രകീർത്തിക്കുന്ന കവിതകൾ ആഫ്രിക്കയുടെ പാരമ്പര്യവും സ്വത്വബോധവും ഉയർത്തിപ്പിടിക്കാൻ ശ്രമിച്ചു. ദേശം, സ്വത്വം, രാഷ്ട്രീയം എന്നിവയെല്ലാം കവിതകളിൽ പ്രമേയമായി. സാംസ്കാരികാവബോധവും നവകർമ്മപദ്ധതികളും ആഫ്രിക്കയുടെ സമഗ്രപുരോഗതിക്ക് ആവശ്യമാണെന്ന് പ്രസ്തുത കവിതകൾ സമർത്ഥിക്കുന്നു. നഷ്ടപ്പെട്ടതിന്റെയും അവഗണിക്കപ്പെട്ടതിന്റെയും തകർക്കപ്പെട്ടതിന്റെയും ഓർമ്മകൾ കാര്യക്ഷമതയുടെ പ്രചോദകശക്തിയായി മാറ്റാനുള്ള ആഹ്വാനമാണ് ആഫ്രിക്കൻ കവിതകളുടെ സാരസത്ത.

### കുറിപ്പുകൾ

1. Souleymane Bachir Diagne, African Art as Philosophy – Senghor, Bergson and the Idea of Negritude, p. 77.
2. Ibid, p. 78-79.

### സഹായക ഗ്രന്ഥം

1. സലിംകുമാർ, കെ.എം.; നെഗ്രിറ്റ്യൂഡ്, ഡി.സി. ബുക്സ്, കോട്ടയം, 2011.
2. Souleymane Bachir Diagne; African Art as Philosophy – Senghor, Bergson and The Idea of Negritude, [Chike Jeffers (Tr.)], Seagull Book, Calcutta, 2011.
3. www.wikipedia.org
4. www.britannica.com